പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

| നക്ഷത്ര ചിഹ്നമിട്ട ചോദ്യം<br>നം. *377 | 15.07.2015 ൽ മറുപടി<br>നല്കേണ്ടത് |
|---|---|

## അരിയിൽ മായം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.സി.പി.മുഹമ്മദ്<br>" കെ. അച്ചുതൻ<br>" ജോസഫ് വാഴയ്ക്കൻ<br>" സണ്ണി ജോസഫ് | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ ) | അരിയിൽ മായം കലർത്തി വിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) | സംസ്ഥാനത്ത് ചൈനയിൽ നിന്ന് ഇറക്കുമതി ചെയ്ത പ്ലാസ്റ്റിക്ക് അരി വിൽക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | എന്തെല്ലാം വസ്തുക്കളാണ് മായം ചേർക്കുവാനായി ഉപയോഗിച്ചിട്ടുള്ളതെന്ന് കണ്ടെത്തിയിട്ടുണ്ടോ ; | ബി) | സംസ്ഥാനത്ത് ചൈനയിൽ നിന്ന് ഇറക്കുമതി ചെയ്ത പ്ലാസ്റ്റിക്ക് അരി വിൽക്കുന്നതായ പരാതി ശ്രദ്ധയിൽ പെട്ടതിനെ തുടർന്ന് സംസ്ഥാന വ്യാപകമായി സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നതും അല്ലാതെയുമുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധനയ്ക്ക് അയച്ചിരുന്നു. അത്തരത്തിലുള്ള പരാതി ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരെ നേരിട്ട് അറിയിച്ചവരിൽ നിന്നുൾപ്പെടെ സംസ്ഥാന വ്യാപകമായി ശേഖരിച്ച സാമ്പിളുകൾ പരിശോധിച്ചതിൽ പരാതി ശരി വയ്ക്കുന്നരീതിയുള്ള യാതൊരു വിധ റിപ്പോർട്ടുകളും നാളിതുവരെ ലഭിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| സി) | അരിയിൽ മായം ചേർക്കുന്നത് തടയാൻ എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | സി) | സംസ്ഥാനത്ത് അരിയുടേതുൾപ്പെടെ എല്ലാത്തരം ഭക്ഷ്യവസ്തുക്കളുടെയും സാമ്പിളുകൾ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിച്ച് പരിശോധനയ്ക്ക് അയക്കുന്നതും നിശ്ചിത ഗുണ നില വാരമില്ലാത്തതായോ മായം ചേർത്തതായോ കണ്ടെത്തുന്ന പക്ഷം ഉത്തരവാദികൾക്കെതിരെ 2006ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമവും അനുബന്ധചട്ടങ്ങളും അനുശാസിക്കും പ്രകാരമുള്ള കർശനമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ